**<u>കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസ് പരിസരങ്ങളിലെ പുല്ലുകളുംഅടിക്കാടുകളും കുറ്റിക്കാടുകളും മെഷീൻ ഉപയോഗിച്ച് വെട്ടി വൃത്തിയാക്കുന്നതിനുള്ള വ്യവസ്ഥകൾ -</u>**

**<u>നോട്ടിഫിക്കേഷൻ നം.സി.എ. അഡ്മിൻ/08 എ /747 /2018 തീയതി 28.11.2018 : -</u>**

***<u>കാലാവധി</u>*** :- കരാർ കാലാവധി ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ ഒരു വർഷം ആയിരിക്കും

***നിരതദ്രവ്യം:-*** ക്വട്ടേഷനോടൊപ്പം ഇ.എം.ഡി. യായി എസ്.ബി.ഐ. കാര്യവട്ടം ശാഖയിൽ മാറാവുന്ന കാമ്പസ് ഭരണ വിഭാഗം, ഡെപ്യൂട്ടി രജിസ്ട്രാറുടെ പേരിലെടുത്ത പതിനായിരം രൂപയുടെ ഡിമാൻറ് ഡ്രാഫ്റ്റ് സമർപ്പിക്കണം. പ്രസ്തുത തുക കരാർ ലഭിക്കുന്ന പക്ഷം കരുതൽ നിക്ഷേപമായി കരാർ കാലാവധി അവസാനിക്കും വരെ സർവകലാശാലയിൽ നിലനിർത്തുന്നതാണ്. കാലാവധിക്കുള്ളിൽ സർവകലാശാലയ്ക്ക് സാമ്പത്തികമായോ അല്ലാതെയോ നഷ്ടം കരാറുകാരൻ വരുത്തിയാൽ പ്രസ്തുത തുകയിൽ നിന്നും നഷ്ടമായ തുക ഈടാക്കുകയോ മറ്റ്നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതാണ്.

***<u>മറ്റ് വ്യവസ്ഥകൾ :-</u>***

1) കാര്യവട്ടം കാമ്പസിലെ പൊതു ഇടങ്ങളിൽ വളർന്നു നിൽക്കുന്ന പുല്ലുകളും അടിക്കാടുകളും വർഷത്തിൽ കുറഞ്ഞത് മൂന്നു പ്രാവശ്യം കൃത്യമായ ഇടവേളകളിൽ മെഷീൻ ഉപയോഗിച്ച് വെട്ടി വൃത്തിയാക്കണം.

2) മണിക്കൂർ നിരക്കിൽ 1.8hp- യോ അതിൽ കൂടുതലോ പവർ ഉള്ള കുറഞ്ഞത് മൂന്ന് പുല്ലുവെട്ട് യന്ത്രം ഒരേ സമയത്ത് പ്രവർത്തിപ്പിക്കണം. കൂടാതെ പണിക്കാരുടെ സഹായത്തിനും മെഷീൻ ഉപയോഗിച്ച് നീക്കാനാവാത്ത കുറ്റിച്ചെടികൾ വെട്ടുകത്തി ഉപയോഗിച്ച് വെട്ടി നീക്കാനുമായി ഒരു സഹായിയെകൂടി നിയോഗിക്കേണ്ടതാണ്.

3) സർവകലാശാല നിർദേശമനുസരിച്ച് ആവശ്യാനുസരണം സേവനം ലഭ്യമാക്കേണ്ടതാണ്.

4) കരാറുകാരൻറെ എന്തെങ്കിലും നടപടി മൂലമോ കരരാറുകാരൻ നിയോഗിക്കുന്ന തൊഴിലാളികൾ മൂലമോ സർവകലാശാലയ്ക്ക് ഉണ്ടാകുന്ന സാമ്പത്തികമായോ അല്ലാതെയോ ഉള്ള എല്ലാ നഷ്ടങ്ങൾക്കും കരാറുകാരൻ ബാധ്യസ്ഥനാണ്.